# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3291** **14/3/2018-ൽ മറുപടിക്ക്**

## പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ കർമ്മ പരിപാടി

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| **എ)** | പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ കർമ്മ പരിപാടി എന്ന പേരിൽ സ്ഥായിയായ പ്രവർത്തനം ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; | **എ)** | നടപ്പിലാക്കിയിട്ടുണ്ട്. |
| **ബി)** | പ്രസ്തുത പരിപാടിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | **ബി)** | വിവിധ പകർച്ചവ്യാധികൾ എല്ലാ മാസങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ "ആരോഗ്യ ജാഗ്രത" എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ-പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചത്. തദ്ദേശസ്ഥാപനങ്ങളുടെയും ആർദ്രം മിഷന്റെയും ഹരിതകേരള മിഷന്റെയും പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ഇതര വകുപ്പുകളും ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യ-പ്രവർത്തകരും ആരോഗ്യ ജാഗ്രതയോടെ "പ്രതിദിനം പ്രതിരോധം" നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| **സി)** | വാർഡുതല ആരോഗ്യ ശുചിത്വ സമിതികളുടെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും ശുചിത്വ ബോധവത്ക്കരണവും ഫലപ്രദമാണോ; ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | **സി)** | വാർഡുതല ആരോഗ്യ ശുചിത്വ സമിതികളുടെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും ശുചിത്വ ബോധ-വത്ക്കരണങ്ങളും ഒരു പരിധി വരെ ഫലപ്രദമാകുന്നുണ്ട്. ഇത്തരം സമിതികൾ കൂടുതൽ ശാക്തീകരിച്ച് ആരോഗ്യകർമ്മ-സേനകളെ സജ്ജീകരിച്ച് ജന-പങ്കാളിത്തത്തോടെ പ്രവർത്തിക്കുവാനാണ് "ആരോഗ്യജാഗ്രത" യിലൂടെ ലക്ഷ്യമിടുന്നത്. വാർഡ് മെമ്പർ തലവനായുള്ള വാർഡ് തല സമിതികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിലും പ്രാഥമിക ആരോഗ്യകേന്ദ്രത്തിലും ജില്ലാതലത്തിലും നിരീക്ഷിക്കാനും വിലയിരുത്തുവാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| ഡി) | ഈ വർഷം പകർച്ചപ്പനിയും അതുമൂലമുള്ള മരണങ്ങളും പരമാവധി നിയന്ത്രിക്കുവാൻ പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയിലൂടെ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | ഡി) | ആരോഗ്യജാഗ്രത പദ്ധതിയുടെ ഇതു-വരെയുള്ള പ്രവർത്തന പുരോഗതി ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20.02.2018-ന് യോഗം ചേർന്ന് വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ